# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേവികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: LFAIDK13- 804/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: LFAIDK13- 804/2021 തീയ്യതി: 28/09/2021

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-11-2020 മുതൽ 25-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2021 | 03-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2021 | 03-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ എം.എസ് രാജീവ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ചാക്കോ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസീസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാകേഷ് എം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് കുമാർ പി കെ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി കവിത വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി എസ് പോൾസ്വാമി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ അജിത് എൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ബിജു കെ ഡി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജി മീനമ്മാൾ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. അശ്വതി വിശ്വം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 07-05-2020 |
| ഡോ അനിൽ കെ നായർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 08-05-2020 | 04-09-2020 |
| ഡോ. അശ്വതി വിശ്വം എസ് | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) | 05-09-2020 | 31-03-2021 |
| ഡോ.അമ്പിളി എം.കെ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 15-02-2021 |
| ഡോ.സുരഭി ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-02-2021 | 31-03-2021 |
| ശ്രീമതി ജയ കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ് കെ. | വി.ഇ.ഒ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 20-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 02-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 20-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 20-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 02-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-09-2021) | 1-5 |
| 6 | മഹാത്മാ ഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-09-2021) | 1-6 |
| 7 | ക്ഷേമ പെൻഷൻ<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 13-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 13-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 13-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 13-09-2021) | 1-11 |
| 12 | വെറ്ററിനറി ഹോസ്പിറ്റൽ - അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടില്ല.<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-12 |
| 13 | പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകക്ക് പൂർണമായും മരുന്നുകൾ ലഭ്യമാക്കിയില്ല.<br>Written By: Rakesh M (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-13 |
| 14 | ലൈഫ് ഭവന നിർമ്മാണ പദ്ധതി<br>Written By: Rakesh M (Senior Grade Auditor, On 03-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-14 |
| 15 | മാലിന്യ നിർമ്മാർജ്ജനം. പഞ്ചായത്തിന് ബാദ്ധ്യതയായി മാറുന്നു.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-15 |
| 16 | മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 13-09-2021) | 1-16 |

| | | |
|---|---|---|
| 17 | കുടുംബശ്രീ ഗ്രൂപ്പുകൾക്കും, വനിതാ കർഷകർക്കും ജൈവവള വിതരണം - സർക്കാർ മാർഗ നിർദേശം പാലിച്ചില്ല<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-17 |
| 18 | എസ്.എസ്.എ. വിഹിതം ഒടുക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-18 |
| 19 | ആയൂർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 14-09-2021) | 1-19 |
| 20 | ദേവികുളം എസ്.ബി ഐ ക്ക് എതിർവശത്തെ വീടുകൾക്ക് കുടിവെള്ളമെത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക ചെലവ് നിയന്ത്രിക്കേണ്ടതാണ്<br>Written By: Joseph Chacko (Asst. Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-21 |
| 22 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Joseph Chacko (Asst. Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-22 |
| 23 | ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Joseph Chacko (Asst. Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-23 |
| 24 | കുണ്ടള എസ് റ്റി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ ഇടൽ- പദ്ധതി പ്രവർത്തനരഹിതം- ചെലവ് തടസ്സം ₹417141/-<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-24 |
| 25 | ഫുട്പാത്ത് കോൺക്രീറ്റിങ്- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്റ്റേറ്റ് ക്വാർട്ടേഴ്സുകളുടെ മുറ്റം കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-25 |
| 26 | ടെണ്ടർ ഫാറ വില പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-26 |
| 27 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടച്ചിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 14-09-2021) | 1-27 |
| 28 | ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കുന്നതിൽ നടപടിക്രമം പാലിച്ചിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 14-09-2021) | 1-28 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 12-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-29 |

**ഭാഗം 2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 03-08-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 14-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 03-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 03-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 03-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 03-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 14-09-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

2020-21സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16-3-2021-ലെ 3-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹265241500/- വരവും ₹240675548/- ചെലവും ₹24565952/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 28.03.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.04.2021 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 64255986 |
| വരവ് | 117534149 |
| ആകെ | 181790135 |
| ചെലവ് | 140031548 |
| നീക്കിയിരിപ്പ് | 41758587 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 103278619 | 103278619 | 20498229 | 82780390 |
| വികസനഫണ്ട് എസ്.സി.പി. | 0 | 283129287 | 283129287 | 36868437 | 246260850 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1032435 | 1032435 | 588035 | 444400 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1223000 | 1223000 | 1125562 | 97438 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7023085 | 7023085 | 4973000 | 2050085 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12811531 | 12811531 | 10646729 | 2164802 |
| പെർഫോമൻസ് ഗ്രാൻ | 0 | 5191045 | 5191045 | 0 | 5191045 |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 0 | 1285000 | 1285000 | 962606 | 322394 |
| ശുചിത്വം പദ്ധതി ഗ്രാന്റ് | 0 | 18890000 | 18890000 | 4228439 | 14661561 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് (ഭരണ നിർവ്വഹണം) | 1538 | 1782133 | 1783671 | 1782099 | 1572 |
| തൊഴിലാളികളുടെ കൂലി | 0 | 42539134 | 42539134 | 42539134 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ്ണ ശുചിത്വം | 686865 | 18861 | 705726 | 0 | 705726 |
| എസ്.എസ്.എ | 5811 | 209 | 6020 | 0 | 6020 |
| ഐ.സി.ഡി.എസ് | 551623 | 2100245 | 2651868 | 881236 | 1770632 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ്ണ ശുചിത്വം | 2180000 | 180000 | 2360000 | 180000 | 2180000 |
| ആയുർവേദം | 9030 | 0 | 9030 | 0 | 9030 |
| ലൈഫ് | 3408085 | 0 | 3408085 | 0 | 3408085 |
| ശുചിത്വമിഷൻ | 362686 | 2355501 | 2718187 | 46000 | 2672187 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3450000 | 0 | 3450000 | 0 | 3450000 |
| വിമുക്തി | 1127720 | 2388429 | 3516149 | 1977600 | 1538549 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| ദുരന്ത നിവാരണം | 0 | 500000 | 500000 | 0 | 500000 |

## 1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം. | അടങ്കൽ | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | ചെലവ്₹ | നടപ്പാക്കാത്ത പദ്ധതി കളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9890721 | 9 | 9549850 | 1 | 96.55 |
| വെറ്ററിനറി സർജൻ | 7 | 4274750 | 4 | 1279175 | 3 | 29.92 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 4 | 1459728 | 4 | 1351728 | 0 | 92.6 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 40000 | 2 | 40000 | 0 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 602115 | 2 | 440481 | 2 | 73.16 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 7292706 | 9 | 5467678 | 0 | 74.97 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 1970000 | 3 | 1620000 | 0 | 82.23 |
| സെക്രട്ടറി | 43 | 18164639 | 34 | 11421461 | 9 | 62.88 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ എൽ പി എസ് | 3 | 165585 | 1 | 28670 | 2 | 17.31 |
| വി ഇ ഓ | 5 | 171106027 | 2 | 14946217 | 3 | 8.74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 105 | 40586192 | 88 | 30512826 | 17 | 75.18 |
| അസി. സെക്രട്ടറി | 18 | 16073173 | 11 | 9965649 | 7 | 62 |
| ആകെ | 213 | 271625636 | 169 | 86623735 | 44 | 31.89 |

213 പദ്ധതികൾക്കായി ₹271625636/- വകയിരുത്തിയിരുന്നുവെങ്കിലും 169 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹86623735/- മാത്രമാണ് ചെലവ്)

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 14 | 11022473 | 8068702 |
| | സേവനം | 71 | 109788412 | 22632721 |
| | പശ്ചാത്തലം | 41 | 17862481 | 12630632 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 7 | 5312998 | 4580323 |
| | സേവനം | 21 | 109796507 | 23224501 |
| | പശ്ചാത്തലം | 53 | 16944935 | 14798915 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 0 | 0 | 0 |
| | സേവനം | 6 | 897830 | 687941 |
| | പശ്ചാത്തലം | 0 | 0 | 0 |
| ആകെ | | 213 | 271625636 | 86623735 |

## 1-6 മഹാത്മാ ഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1538 | 1782133 | 1783671 | 1782099 | 1572 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 42539134 | 42539134 | 42539134 | 0 |

പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചതിൽ തിരികെ നല്കാൻ അവശേഷിച്ചിരുന്ന ₹997701.25/- ഉം തൻവർഷമുൻകൂറായ ₹1255824/- ഉം ചേർന്ന ₹2253525.25/-ൽ ₹1645979.92/- തൻവർഷം തിരികെ നല്കിയിട്ടുണ്ട് വർഷാവസാനം ബാക്കി നില്ക്കുന്ന മുൻകൂർ ₹607545.33/- ആണ്.

## 1-7 ക്ഷേമ പെൻഷൻ

2020-21ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 8211200 | 583 |
| വാർദ്ധക്യകാലപെൻഷൻ | 30890200 | 2075 |
| വികലാംഗപെൻഷൻ | 3007700 | 291 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 32900 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16571രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത സ്ഥലങ്ങളിൽ അസ്തികൾ സൃഷ്ടിക്കുന്നതിനായി പദ്ധതിപണം ചെലവഴിക്കുന്നു.

4. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവുവിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ട നടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരനെ നിയമിച്ചിരിക്കുന്നു. കൂടാതെ യാത്രയ്ക്കായി ഓട്ടോ റിക്ഷ സ്ഥിരമായി ഉപയോഗിക്കുന്നതായും കാണുന്നു. പ്രതിമാസം ₹25000/-ഓളം ഇതിനായി ചെലവഴിക്കുന്നു. ഇക്കാര്യം ആരെങ്കിലും മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുന്ന രീതിയിൽ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. എസ്റ്റേറ്റ് മേഖലയായതിനാൽ കൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളെല്ലാം തന്നെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതാണ്. മോണിട്ടറിംഗ് ഫലപ്രദമല്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിച്ച് സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല.

7.കണക്കുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.

8.സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.

9.സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

10.സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 08.04.2021 | 06/2020- | ലഭിച്ചില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 02/2021 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.04.2015 | 2009-10 മുതൽ 2013-14 വരെ | 28.05.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

2. വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

3. വാർഷിക ചെലവ് പത്രിക(സുലേഖ) വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ACR-മായി പൊരുത്തപ്പെടുന്നില്ല.

5. വരവ് - ചെലവുകൾ ബുക്ക് ചെയ്യുമ്പോൾ ഹെഡ് മാറിപ്പോകുന്നതിനാൽ ഓരോ ഹെഡിലേയും തുകകൾ സംബന്ധിച്ച കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-12 വെറ്ററിനറി ഹോസ്പിറ്റൽ - അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടില്ല.

ദേവികുളം ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഹോസ്പിറ്റൽ നിലവിൽ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിലാണ്. ഫയലുകൾ മരുന്നുകൾ എന്നിവ സൂക്ഷിക്കുന്നതിനോ ഗ്രാമപഞ്ചായത്തിലെ മൃഗങ്ങളുടെ ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളോ നിലവിലില്ല. 2019-20, 2020-21 വർഷങ്ങളിൽ വെറ്ററിനറി ഹോസ്പിറ്റലിലേയ്ക്ക് വാങ്ങിയ മരുന്നുകൾ മൂന്നാർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വെറ്ററിനറി ക്ലിനിക്കിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെത്തു ന്നവർക്ക് മരുന്നുകൾ നൽകുന്നതിനും മറ്റും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വെറ്ററിനറി ഹോസ്പിറ്റലിന്റെ പൂർണ്ണമായ സേവനം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാവുന്നതിലേയ്ക്കായി ക്ലിനിക്കൽ സൗകര്യങ്ങളോടു കൂടിയുള്ള വെറ്ററിനറി ഹോസ്പിറ്റൽ ഗ്രാമപഞ്ചായത്തിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകക്ക് പൂർണമായും മരുന്നുകൾ ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ അധികാരിയായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങൽ ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ -83/21

പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങൽ ഇനത്തിനായി ബിൽ നമ്പർ 20100352011601329831തീയതി 23/3/21 പ്രകാരം 30000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

2.പ്രോജക്ട് നമ്പർ 84/21(പാലിയേറ്റീവ് കെയർ- ഹോമിയോ മരുന്ന് വാങ്ങൽ)

പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയറിനായി ഹോമിയോ മരുന്ന് വാങ്ങൽ ഇനത്തിൽ ബിൽ നമ്പർ-20100352011601433299 തീയതി 29/3/21 പ്രകാരം 10000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽപ്പറഞ്ഞ രണ്ടു പ്രോജക്ടിനും വേണ്ടി ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവന നിർമ്മാണ പദ്ധതി

(എ)ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഒന്നിൽക്കൂടുതൽ ഗഡുക്കൾ കൈപ്പറ്റിയ നിരവധി ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ അവശേഷിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

എസ്.സി.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| കാളിയമ്മ<br>ചോക്കനാട് എസ്റ്റേറ്റ് | 360000 |
| മുരുകൻ<br>ഗുഡാർവിള എസ്റ്റേറ്റ്<br>ഫാക്ടറി ഡിവിഷൻ | 360000 |
| ഉമലതാ<br>സൈലന്റ് വാലി എസ്റ്റേറ്റ്<br>ഫാക്ടറി കോളനി | 380000 |
| വിജയാ<br>നോർത്ത് ഡിവിഷൻ<br>ചോക്കനാട് | 300000 |
| വിജയകുമാർ<br>ഗുഡാർവിള എസ്റ്റേറ്റ്<br>ഫാക്ടറി ഡിവിഷൻ | 200000 |
| കിട്ടനൻ<br>ഗുഡാർവിള എസ്റ്റേറ്റ് | 360000 |
| സുശീല കെ<br>എല്ലാപ്പെട്ടി എസ്റ്റേറ്റ്<br>കെ കെ ഡിവിഷൻ | 200000 |
| മാരിയമ്മാൾ<br>സൈലന്റ് വാലി ഫസ്റ്റ് ഡിവിഷൻ<br>ഗുഡാർവിള എസ്റ്റേറ്റ് | 200000 |
| അലക്സ്<br>ചെണ്ടുവരൈ എസ്റ്റേറ്റ്<br>വട്ടവട ഡിവിഷൻ | 380000 |

ജനറൽ

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| ലീല ആന്റണി<br>ഗുഡാർവിള എസ്റ്റേറ്റ്<br>ഫാക്ടറി ഡിവിഷൻ | 360000 |
| മോഹൻ<br>നെറ്റിക്കുടി ലോവർ<br>ദേവികുളം | 100000 |
| ചെല്ലദുരൈ<br>സൗത്ത് ഡിവിഷൻ | 200000 |
| അർപ്പുതരാജ്<br>ലോവർ ഡിവിഷൻ<br>ഗുണ്ടുമലൈ | 100000 |
| കമല സി<br>ഫാക്ടറി ഡിവിഷൻ<br>ചോക്കനാട് | 300000 |
| സുബയ്യ<br>സൈലന്റ് വാലി എസ്റ്റേറ്റ്<br>ദേവികുളം | 200000 |
| പവൻ<br>കുട്ടിയായ ഡിവിഷൻ<br>മാട്ടുപ്പെട്ടി | 300000 |
| ജോൺസൺ<br>മാട്ടുപ്പെട്ടി ഡിവിഷൻ | 200000 |
| മുനിയമ്മ കെ<br>കടലാർ വെസ്റ്റ് ഡിവിഷൻ | 200000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചത് സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി)ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഒന്നാം ഗഡു ഇനത്തിൽ 40000/- രൂപ കൈപ്പറ്റിയ നിരവധി ഗുണഭോക്താക്കൾ വളരെ നാളുകൾ കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ച് അടുത്ത ഗഡുവിന് അപേക്ഷിച്ചിട്ടില്ല. തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.സി

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക, തീയതി | ബിൽ നം. |
|---|---|---|
| 1.കറുപ്പ്<br>സാമി<br>ഫാക്ടറി ഡിവിഷൻ<br>ഗൂഡാർവിള എസ്റ്റേറ്റ് | 40000/-,14.11.18 | 180035201510071856 |
| 2.സരസ്വതി<br>നോർത്ത് ഡിവിഷൻ<br>ചോക്കനാട് എസ്റ്റേറ്റ് | 40000/-,14.11.18 | 180035201510071856 |
| 3.മാരിയമ്മാൾ<br>എല്ലാപ്പെട്ടി<br>കെ.കെ.ഡിവിഷൻ | 40000/-,14.11.18 | 180035201510071856 |
| 4.വല്ലി<br>പുതുക്കാട് ഡിവിഷൻ<br>ചെണ്ടുവരൈ എസ്റ്റേറ്റ് | 40000/-,14.11.18 | 180035201510071856 |
| 5.കർപ്പഗം<br>സെൻട്രൽ ഡിവിഷൻ<br>നെറ്റിക്കുടി | 40000/-,14.11.18 | 180035201510071856 |
| 6.സെൽവരാജ്<br>ഗൂഡാർവിള എസ്റ്റേറ്റ്<br>ഫാക്ടറി ഡിവിഷൻ | 40000/-,7-12-19 | NEFT On 7/12/19 |
| 7.നരസിംഹം<br>ഗൂഡാർവിള എസ്റ്റേറ്റ്<br>കട്ടിയാർ ഡിവിഷൻ | 40000/-,6/2/20 | NEFT On 6/2/20 |
| 8.രാജ.എ<br>മാട്ടുപ്പെട്ടി എസ്റ്റേറ്റ്<br>കട്ടിയാർ ഡിവിഷൻ | 40000/-,6/2/20 | NEFT On 6/2/20 |

<u>ജനറൽ</u>

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക, തീയതി |
|---|---|
| 1.ധർമ്മരാജ്<br>ലോവർ ഡിവിഷൻ | 40000/-,26.10.18 |

| | |
|---|---|
| ചെണ്ടുവരൈ | |
| 2.കോട്ടൂർ സാമി<br>നെറ്റിക്കുടി ലോവർ ഡിവിഷൻ<br>ഗുഡാർവിള എസ്റ്റേറ്റ് | 40000/-,26.10.18 |
| 3.രാമദാസ്<br>മാട്ടുപ്പെട്ടി എസ്റ്റേറ്റ്<br>കുട്ടിയാർ ഡിവിഷൻ | 40000/-,14.11.18 |
| 4.മോഹൻ<br>ഗുഡാർവിള എസ്റ്റേറ്റ്<br>ലോവർ ഡിവിഷൻ | 40000/-,06.12.18 |
| 5.കേശവൻ<br>അരുവിക്കാട് എസ്റ്റേറ്റ്<br>സെൻട്രൽ ഡിവിഷൻ | 40000/-,24.05.19 |
| 6.മുത്തുമണി<br>നെറ്റിക്കുടി എസ്റ്റേറ്റ്<br>ലോവർ ഡിവിഷൻ | 40000/-,06.02.20 |
| 7.ഷീല എസ്<br>ഗുഡാർവിള എസ്റ്റേറ്റ്<br>നെറ്റിക്കുടി | 40000/-,06.02.20 |
| 8. തോമസ്<br>748 ന്യൂ കോളനി<br>കണ്ണൻ ദേവൻ ഹിൽസ് | 40000/-,28.05.20 |
| 9.കെ.എൻ പാണ്ടി<br>കുട്ടിയാർ ഡിവിഷൻ<br>മാട്ടുപ്പെട്ടി | 40000/-,19.06.20 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം ആരംഭിച്ചവർ തുടർ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമാണം പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇനിയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എങ്കിൽ വിതരണം ചെയ്ത തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മാലിന്യ നിർമ്മാർജ്ജനം. പഞ്ചായത്തിന് ബാദ്ധ്യതയായി മാറുന്നു.

ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ അജൈവമാലിന്യങ്ങൾ പഞ്ചായത്തിന്റെ നിക്ഷേപ കേന്ദ്രമായ കുട്ടിയാർ വാലിയിൽ എത്തിച്ച് വേർതിരിച്ച് വിൽപ്പന നടത്തുക എന്ന ലക്ഷ്യത്തോടെ ഇതിനായി 35 തൊഴിലാളികളുടെ

കൂലി നൽകുന്നതിനാണ് വികസനഫണ്ടിൽ നിന്ന് തുക വകയിരുത്തി പദ്ധതി നടപ്പാക്കുന്നത്. 2019-20, 2020-21 വർഷങ്ങളിൽ ഈ പദ്ധതികൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിരിക്കുന്നു.

2019-20

| | |
|---|---|
| പ്രോജക്ട് നം | 2/20 |
| അടങ്കൽ | ₹4104100. |
| ചെലവ് | ₹3315775/- |
| നിർവ്വഹണം | സെക്രട്ടറി |

2020-21

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 2/21 |
| അടങ്കൽ | ₹5175000 |
| ചെലവ് | ₹3279135/- |

2020-21

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 148//21 |
| അടങ്കൽ | ₹2756800 |
| ചെലവ് | ₹756800/- |

തൊഴിലാളികളുടെ കൂലി നൽകുന്നതിനാണ് മേൽതുകകൾ ചെലവഴിച്ചിരിക്കുന്നത്. കാര്യമായ കച്ചവട സ്ഥാപനങ്ങളോ പട്ടണങ്ങളോ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നില്ല. വളരെ കുറച്ച് കച്ചവടസ്ഥാപനങ്ങൾ മാത്രമാണ് ഈ പഞ്ചായത്ത് പ്രദേശത്ത് ഉള്ളത്. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 2006-07 വർഷം 7 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് തുടങ്ങിയ പദ്ധതിയാണ് ഇപ്പോൾ 35 തൊഴിലാളികൾക്ക് കൂലി നൽകുന്ന ബൃഹത് പദ്ധതിയായി മാറിയിരിക്കുന്നത്. ഹരിതകർമ്മസേന മുഖേന മാലിന്യം ശേഖരിച്ച് എം.സി.എഫ്-ൽ വച്ച് വേർതിരിച്ച് വിൽപ്പന നടത്തണമെന്ന നിർദ്ദേശം നിലനിൽക്കെ പഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ട തുക ഇത്തരത്തിൽ ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്. ഹരിതകർമ്മസേന മുഖേന പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുന്നതിനാൽ പഞ്ചായത്തിന് ചെലവ് വരുന്നില്ല.

ഇത്രയും തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കിയിട്ടും മാലിന്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാത്തതിന്റെ പേരിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് PC.HO/RULES/SWM-IDUKKI/2018തീയതി 03.09.2019 കത്ത് മുഖേന 08.04.2019 മുതൽ 31.08.2019 വരെയുള്ള 148 ദിവസത്തെ എൻവയോൺമെന്റൽ കോമ്പൻസേഷനായി 133.58 ലക്ഷം രൂപ പിഴ ഈടാക്കാതിരിക്കാൻ വിശദീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളും ഇതിനെതുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന വിവിധ ഉത്തരവുകളും അനുസരിച്ചും പഞ്ചായത്തിന് ബാദ്ധ്യത ആകാത്ത രീതിയിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. മുൻ വർഷ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 18 വാർഡുകളിലായുള്ള മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും, വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും, നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 കുടുംബശ്രീ ഗ്രൂപ്പുകൾക്കും, വനിതാ കർഷകർക്കും ജൈവവള വിതരണം - സർക്കാർ മാർഗ നിർദേശം പാലിച്ചില്ല

നിർവ്വഹണം - കൃഷി ഓഫീസർ

1)

| | | |
|---|---|---|
| പദ്ധതി നം, പദ്ധതി | S0129/2021, കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ജൈവവള വിതരണം | |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ | |
| അടങ്കൽ | 2437500 (വികസന ഫണ്ട്)+22500(ഗുണഭോക്തൃ വിഹിതം) | |
| ചെലവ് | ബിൽ നം. / തീയതി | തുക |
| | 20100352011801433272/29-3-2021 | 488975 |
| | 20100352011801433267/29-3-2021 | 499904 |
| | 20100352011801433275/29-3-2021 | 466274 |
| | 20100352011801433265/29-3-2021 | 490200 |
| | 20100352011801433270/29-3-2021 | 491682 |
| | ആകെ | 2437035 |

2)

| | | |
|---|---|---|
| പദ്ധതി നം, പദ്ധതി | S0161/2020, വനിതാ കർഷകർക്ക് ജൈവവള വിതരണം (ജനറൽ) സ്പിൽ ഓവർ | |
| ഫണ്ട് | ജനറൽ | |
| അടങ്കൽ | 534150 (ജനറൽ) + 257850 (ഗുണഭോക്തൃ വിഹിതം) | |
| ചെലവ് 534150 (ജനറൽ) + 96300 (ഗുണഭോക്തൃ വിഹിതം) | ബിൽ നം / തീയതി | തുക |
| | 20100352011800034862/11.4.2020 (ജനറൽ) | 245250 |
| | 20100352011800030272/11.4.2020 (ജനറൽ) | 99000 |
| | 20100352011800030269/11.4.2020 | 189900 |

| | | |
|---|---|---|
| | (ജനറൽ) | |
| | ഗുണഭോക്തൃ വിഹിതം | 96300 |

3)

| | | |
|---|---|---|
| പദ്ധതി നം, പദ്ധതി | SO162/2020 വനിതാ കർഷകർക്ക് ജൈവവള വിതരണം (SCP) സ്പിൽ ഓവർ | |
| ഫണ്ടിനം | എസ് സി പി | |
| അടങ്കൽ | 1182000 (എസ് സി പി) | |
| ചെലവ് | ബിൽ നം. / തീയതി | തുക |
| | 20100352011800034862/11.4.2020 | 457800 |
| | 20100352011800034868/11.4.2020 | 255000 |
| | 20100352011800034867/11.4.2020 | 469200 |
| | ആകെ | 1182000 |

മേൽ പദ്ധതികൾ പ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ (KAICO) നിന്നും ടെണ്ടർ കൂടാതെ ജൈവവളം വാങ്ങി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)18-12-2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2881/ത.സ്വ.ഭ.വ പ്രകാരം KAICO സ്വന്തമായി ഉത്പാദിപ്പിക്കുന്ന യന്ത്രങ്ങളും സാധന സാമഗ്രികളും മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളത് എന്നിരിക്കെ ടെണ്ടർ കൂടാതെ കെയ്‌കോയിൽ നിന്ന് ജൈവവളം വാങ്ങിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

2)ഒരു കിലോഗ്രാം വളത്തിന് 18.095 + 5% GST എന്ന നിരക്കിലാണ് ജൈവവളം KAICO ലഭ്യമാക്കിയിരിക്കുന്നത്. ജൈവവളം ഏത് നിരക്കിൽ ലഭ്യമാക്കുമെന്ന് KAICO ഗ്രാമപഞ്ചായത്തിനെയോ കൃഷി ഓഫീസറെയോ അറിയിച്ചിട്ടില്ല. KAICO നിശ്ചയിച്ച വിലയനുസരിച്ചാണ് വളങ്ങൾ വാങ്ങിയിട്ടുള്ളത്. 2019-20 വർഷം 15.444 + 5% GST എന്ന നിരക്കിലാണ് ജൈവവളം ലഭ്യമാക്കിയത്. എന്നാൽ 2020-21-ൽ KAICO സ്വന്തം നിലയ്ക്കാണ് വിലവർദ്ധനവ് നടത്തിയിരിക്കുന്നത്.

3)സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018 പ്രകാരം ജൈവവളത്തിനുള്ള പരമാവധി സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കണമെന്നും യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

4)അംഗീകരിച്ച പദ്ധതി (SO129/2020,) പ്രകാരം 3950 എസ് സി വിഭാഗത്തിൽപ്പെട്ട കർഷകരും, 150 ജനറൽ വിഭാഗത്തിലുള്ള കർഷകരുമാണുള്ളത്. എസ് സി വിഭാഗത്തിന് 100% സബ്സിഡിയും, ജനറൽ വിഭാഗത്തിന് 75% സബ്സിഡിയും (450+150 രൂപ) നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ വളങ്ങൾ വാങ്ങി നൽകുന്നതിന് പകരം ഗുണഭോക്താക്കളായ കുടുംബശ്രീക്ക് തൊടുപുഴയിലുള്ള KAICO-ൽ നിന്നും വളങ്ങൾ നേരിട്ട് വാങ്ങുന്നതിന് പെർമിറ്റ് ഇഷ്യൂ ചെയ്യുകയും ചെയ്തു. ഉടർന്ന് കൃഷി ഓഫീസർ നൽകിയ പെർമിറ്റ് ഉപയോഗിച്ച് കുടുംബശ്രീ ഗ്രൂപ്പുകൾ KAICO-ൽ നിന്ന് നേരിട്ട് വളം വാങ്ങി. KAICO എല്ലാ കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും 25% ഗുണഭോക്തൃ വിഹിതം വാങ്ങുകയും ആയതിന്റെ സ്റ്റേറ്റ്മെന്റ് ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയതിനെ തുടർന്ന് ഗുണഭോക്തൃ വിഹിതം കിഴിച്ചുള്ള തുക കൃഷിഓഫീസർ KAICO-ക്ക് നൽകുകയും ചെയ്തു. എസ്. സി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് 100% സബ്സിഡി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിക്ക് വിരുദ്ധമായി കർഷകരിൽ നിന്നും 25% ഗുണഭോക്തൃ വിഹിതം ഈടാക്കി.

KAICO ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം വിതരണം ചെയ്ത വളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം, തീയതി | ബിൽ തുക | ഗുണഭോക്തൃ വിഹിതം | സബ്സിഡി |
|---|---|---|---|
| Y-162/2020-21 മുതൽ Y-201/2020-21വരെ തീയതി-16.3.2021 | 653600 | 163400 | 490200 |
| Y-1202/2020-21 മുതൽ Y- | 666539 | 166635 | 499904 |

| | | | |
|---|---|---|---|
| 243/2020-21വരെ തീയതി-16.3.2021 | | | |
| Y-244/2020-21 മുതൽ Y-286/2020-21വരെതീയതി-16.3.2021 | 655576 | 163894 | 491682 |
| Y-287/2020-21 മുതൽ Y-329/2020-21വരെ തീയതി-16.3.2021 | 651966 | 162992 | 488975 |
| Y-330/2020-21 മുതൽ Y-372/2020-21വരെ തീയതി-16.3.2021 | 621699 | 155425 | 466274 |
| ആകെ | 3249380 | 812345 | 2437035 |

അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം 22500 രൂപാ മാത്രം ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്നിരിക്കെ 812345 രൂപ KAICO ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം അധിക ഗുണഭോക്തൃ വിഹിതം KAICO ഈടാക്കുവാനുണ്ടായ സാഹചര്യവും വ്യക്തമല്ല. കൂടാതെ പദ്ധതി അടങ്കൽ 2437500 രൂപയാണെന്നിരിക്കെ ഗുണഭോക്തൃ വിഹിതവും പദ്ധതിപണവും ഉൾപ്പെടെ 3249380 രൂപ KAICO ഈടാക്കുവാനുണ്ടായ സാഹചര്യവും വ്യക്തമല്ല. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കണമെന്ന പ്രോജക്ട് നിർദ്ദേശം പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/29.7.2021) നൽകിയ മറുപടിയിൽ തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യവും പിന്നോക്കാവസ്ഥയും പരിഗണിച്ചാണ് KAICO -ൽ നിന്നും വളം വാങ്ങി നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ എസ് സി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും പദ്ധതി മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികമായി KAICO ഗുണഭോക്തൃ വിഹിതം ഈടാക്കിയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മറ്റി അന്വേഷണം നടത്തേണ്ടതും അധികമായി ഈടാക്കിയ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിന് മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായും അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയതിനാലും പദ്ധതി നം. എസ്.ഒ.129/2021 പ്രകാരം ചെലവഴിച്ച ₹2437035 ഉം പദ്ധതി നം. എസ്.ഒ.161/2020, എസ്.ഒ.162/2020 എന്നിവ പ്രകാരം ചെലവഴിച്ച ₹1716150 (534150 +1182000) ഉം ഉൾപ്പെടെ ആകെ ₹4153185 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എസ്.എസ്.എ. വിഹിതം ഒടുക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ റഫറൻസ് നം. | 20100352014300725780/11.11.20 |
| തുക | 200000/- |
| പ്രോജക്ട് നം | 3/21 |

മേൽ ബിൽ പ്രകാരം എസ് എസ് എ വിഹിതമായി നൽകിയ ₹200000/- യുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-19 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 76/21 |
| | |

| | |
|---|---|
| ബിൽ നം | 20100352011500593815/7.10.20 |
| തുക | 100000 |
| ഇൻവോയ്സ് നം | G000060/14.07.21-₹19823/-<br>G0000516/15.03.21-₹73370 |

മേൽ ബിൽ പ്രകാരം മരുന്ന് വാങ്ങുന്നതിന് ആയുർധാര ഫാർമസ്യൂട്ടിക്കലിന് ₹100000/-നൽകിയെങ്കിലും മേൽ രേഖപ്പെടുത്തിയിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം ₹93193/-യുടെ മരുന്ന് മാത്രമാണ് ലഭിച്ചിരിക്കുന്നത്. ₹6807/-മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 ദേവികുളം എസ്.ബി ഐ ക്ക് എതിർവശത്തെ വീടുകൾക്ക് കുടിവെള്ളമെത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 162/20 |
| ബിൽ/തീയതി – തുക | 19100352014300814629/13.11.2019 – ₹125000/- |

ദേവികുളം എസ്.ബി.ഐ.ക്ക് എതിർവശത്തുള്ള വീടുകൾക്ക് പൈപ്പ്ലൈനുകൾ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. മേൽ ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ₹125000/- നൽകിയിരിക്കുന്നു. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹125000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക ചെലവ് നിയന്ത്രിക്കേണ്ടതാണ്

ദേവികുളം ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് വേണ്ടി വിവിധ വാർഡുകളിലേയ്ക്ക് ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നതിന് 2019-20 വർഷം ₹1,09,466/-, 2020-21 വർഷം ₹1,18,414/- എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് വാഹന വാടകയിനത്തിൽ ഇത്തരം ചെലവ് വരുന്നത് പരിശോധിക്കേണ്ടതും, സ്ഥിരമായി അറ്റകുറ്റപ്പണികൾ വരാത്ത വിധത്തിൽ ലൈറ്റുകൾ ക്രമീകരിക്കേണ്ടതുമാണ്. മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള ഇരുചക്ര വാഹനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി തൻവർഷം ₹52685/- കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 23.06.2006-ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011-ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതു

ടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-23 ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ (B-4) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന വിവിധ ഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത തുകകൾ ഏത് ആവശ്യത്തിന് ലഭിച്ചുവോ അക്കാര്യത്തിന് ചെലവഴിക്കേണ്ടതും ചെലവഴിക്കാൻ സാധ്യതയില്ലാത്ത പക്ഷം അതാത് ഹെഡിൽ തിരിച്ചടക്കേണ്ടതുമാണ്.

| ക്രമ നം. | ഫണ്ടിനം | അക്കൗണ്ട് ഹെഡ് | നീക്കിയിരുപ്പ് തുക (B-4) |
|---|---|---|---|
| 1 | സമ്പൂർണ്ണ ശുചിത്വം | 320100115 | 705726 |
| 2 | ഐ.സി.ഡി.എസ് | 320100121 | 1770632 |
| 3 | ഖരമാലിന്യ നിർമ്മാർജ്ജനം | 320200319 | 3450000 |
| 4 | ശുചിത്വമിഷൻ | 320200322 | 2672187 |
| 5 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് (സമ്പൂർണ്ണ ശുചിത്വം) | 320300103 | 2180000 |
| 6 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 320300199 | 1538549 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 320700104 | 1119137 |
| 8 | ജില്ലാ പഞ്ചായത്ത് | 320700405 | 1064000 |
| 9 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് (ലൈഫ്) | 320800199 | 3408085 |

മേൽ പരാമർശിച്ച തുകകൾ ഏത് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 7/29.7.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 കുണ്ടള എസ്റ്റേറ്റ് കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ ഇടൽ- പദ്ധതി പ്രവർത്തനരഹിതം- ചെലവ് തടസ്സം ₹417141/-

| | |
|---|---|
| പദ്ധതി നം. | 193/21(Spill Over) |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) ₹126765/-<br>ടി എസ് പി-₹317235/-<br>ആകെ- ₹444000/- |
| ചെലവ് (ടി എസ് പി) | ബിൽ നം.20100352111400915538/13-01-2021 ₹262200/-<br>20100352011401440264/31-03-2021 ₹55035/-<br>ആകെ ടി എസ് പി ₹317235/- |
| ചെലവ് (വികസന ഫണ്ട്) | ബിൽ നം.20100352011400420622/14-08-2020 ₹99906/- |
| ആകെ ചെലവ് | ₹417141/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| | |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ജെ. ദിനേഷ് കുമാർ. |

കോളനിയിൽ നിലവിലുണ്ടായിരുന്ന വാട്ടർ ടാങ്കിൽ നിന്നും താഴെ കൊടുത്തിട്ടുള്ളതു പ്രകാരം പൈപ്പ് ലൈൻ സ്ഥാപിച്ച് കോളനി നിവാസികൾക്ക് വെള്ളമെത്തിച്ചതായാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

25 Mm Gl Pipe 250 Meter

32mm 230 Meter

40mm 260 Meter

20mm 240 Meter

നിലവിലുള്ള ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി പരിശോധിച്ചതിൽ സ്ഥാപിക്കപ്പെട്ട പൈപ്പ് ലൈനിൽ ഘടിപ്പിച്ചിരുന്ന സ്റ്റീറ്റ് ടാപ്പുകളും അവ ഉറപ്പിച്ചിരുന്ന കോൺക്രീറ്റ് ബേസുകളും വിട്ടു പോയിട്ടുള്ളതായും പൈപ്പിലും ടാങ്കിലും വെള്ളം എത്തുന്നില്ല എന്നും കാണപ്പെട്ടു.

പദ്ധതി പ്രവർത്തനക്ഷമം അല്ലാത്തതിനാൽ ₹417141/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഫുട്പാത്ത് കോൺക്രീറ്റിങ്- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്റ്റേറ്റ് ക്വാർട്ടേഴ്സുകളുടെ മുറ്റം കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.

ഓഡിറ്റ് വർഷം വിവിധ എസ്റ്റേറ്റ് ലയങ്ങളുടെ മുറ്റവും പരിസരങ്ങളും ഫുട്പാത്ത് കോൺക്രീറ്റ് എന്ന പേരിൽ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 21 | 380000 | 284878 |
| 27 | 275000 | 205566 |
| 28 | 160000 | 119934 |
| 30 | 200000 | 198570 |
| 32 | 115000 | 113596 |
| 33 | 181000 | 177323 |
| 34 | 190000 | 189055 |
| 38 | 215000 | 214697 |
| 39 | 165000 | 164433 |
| 40 | 110000 | 105552 |
| 41 | 180000 | 147918 |
| 59 | 490000 | 177056 |
| 63 | 450000 | 430578 |
| 73 | 470000 | 468936 |
| | | |

| | | |
|---|---|---|
| 85 | 470000 | 469046 |
| 92 | 360000 | 272093 |
| 93 | 360000 | 353273 |
| 95 | 360000 | 270170 |
| 99 | 360000 | 358935 |
| 100 | 420000 | 419497 |
| 102 | 460000 | 437352 |
| 106 | 360000 | 359748 |
| 110 | 400000 | 399095 |
| 149 | 370000 | 296613 |
| 150 | 379700 | 378911 |
| 170 | 200000 | 199676 |
| 171 | 349235 | 349235 |
| 172 | 497787 | 497787 |
| 173 | 250000 | 249640 |
| 174 | 198827 | 198827 |
| 177 | 300000 | 299965 |
| 181 | 300000 | 292484 |
| 187 | 300000 | 291713 |
| 188 | 200000 | 198895 |
| 189 | 350000 | 347128 |
| 190 | 430000 | 408214 |
| 194 | 360000 | 357414 |
| 197 | 220000 | 215993 |
| 236 | 350000 | 349111 |
| 239 | 450000 | 449170 |
| | 12636549 | 11718077 |

എസ്റ്റേറ്റുകളിലുള്ള റോഡുകളിൽ മാത്രം ഉടമകളുടെ അനുമതിയോടെയുള്ള നിർമ്മാണ പ്രവൃത്തികൾക്കാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. ക്വാർട്ടേഴ്സുകളും ചുറ്റുപാടുമുള്ള സ്ഥലങ്ങളും സ്വകാര്യ കമ്പനിയുടെ ഉടമസ്ഥതയിലായിരിക്കെ സർക്കാർ അനുമതി കൂടാതെ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ക്രമവിരുദ്ധമാണ്. സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നത് വരേയ്ക്കും മേൽ വിവരിച്ചിട്ടുള്ള ₹11718077/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ടെണ്ടർ ഫാറ വില പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 4 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 01 | 3000 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടച്ചിട്ടില്ല.

ദേവികുളം ഗ്രാമ പഞ്ചായത്ത്, എൽ എസ് ജി ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ദേവികുളം ശാഖയിൽ നിലവിലുള്ള 67052439733 നമ്പർ അക്കൗണ്ടിൽ 28-07-2021 ലെ നീക്കിയിരിപ്പ് ₹703324/ ആണ്. പദ്ധതി നിർവഹണത്തിനായി വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ തുറന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ എല്ലാം തന്നെ ക്ലോസ് ചെയ്യുന്നതിന് പലവട്ടം നിർദ്ദേശം നൽകിയിരുന്നിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നിലനിർത്തിയതിനും അക്കൗണ്ടിലെ തുക പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം നൽകേണ്ടതാണ്. തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതും അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്ത് തുക പഞ്ചായത്ത് കണക്കിൽ വരവ് വയ്ക്കേണ്ടതുമാണ്.

## 1-28 ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കുന്നതിൽ നടപടിക്രമം പാലിച്ചിട്ടില്ല.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 മുതൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദേവികുളം ഗ്രാമപഞ്ചായത്തിൽ നടത്തപ്പെട്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

30.5.21-ൽ 30 യൂത്ത് വാളന്റിയർമാർക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടില്ല. ഗുരുതര രോഗബാധിതർക്ക് മരുന്ന് വാങ്ങി നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി പദ്ധതി തയ്യാറാക്കി തനതു ഫണ്ടിൽ നിന്നും ₹35547/- ചെലവഴിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രത്യേക മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. തരിശ് ഭൂമി കൃഷി പദ്ധതി ആവഷ്കിരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു എഫ്.എൽ.റ്റി.സി ആരംഭിച്ച് തൃപ്തികരമായി പ്രവർത്തിച്ച് വരുന്നു. ഒരു കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 3 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ധന സഹായമൊന്നും ലഭിച്ചിട്ടില്ല. റേഷൻ കടയിൽ നിന്നും അരി ലഭിച്ചിട്ടില്ല. എന്നാൽ മറ്റ് മാർഗ്ഗങ്ങളിൽ നിന്നായി 680 കിലോ അരി ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചന് വേണ്ടി അടുക്കള ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശമ്പളം നൽകിയതിന് ₹55970/-, ഗ്യാസ് ₹20440/-, പലചരക്ക് സാധനങ്ങൾ വാങ്ങിയതിന് ₹125092/- എന്നിങ്ങനെ ചെലവ് വന്നിട്ടുണ്ട്. സംഭാവനയായി തുകയൊന്നും ലഭിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 610000 | ലൈഫ് പാർപ്പിട | 610000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സുരക്ഷാ പദ്ധതി എസ്.സി.പി(91/21) | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല -

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2950000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ(എം.എസ്) 68/18 തീയതി 18.05.18<br>വായ്പ ₹394543590 | 2950000 | 8406277 | 2036118 | 0 | 9320159 |

## 4-6 സ്ഥിരനിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി- അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി- അപാകതകൾ | ലഭ്യമല്ല |
| ലഘു അവലോകനം | | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹117534149 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹140031548 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹16413403 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 4153185 | ശ്രീ. ബിജു കെ ഡി കൃഷി ഓഫീസർ |
| 1-20 | 125000 | ശ്രീ. വി എസ് പോൾസ്വാമി സെക്രട്ടറി |
| 1-24 | 417141 | ശ്രീ. ടി യു ഏലിയാസ് അസി. എഞ്ചിനീയർ |
| 1-25 | 11718077 | ശ്രീ. ടി യു ഏലിയാസ് അസി. എഞ്ചിനീയർ |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി. എസ് പോൾസ്വാമി ,സെക്രട്ടറി | സെക്രട്ടറി ,ദേവികുളം ഗ്രാമപഞ്ചായത്ത് | പി.ഡബ്ല്യു ഡി ക്വാർട്ടേഴ്സ് മൂന്നാർ |
| ശ്രീ ബിജു കെ ഡി കൃഷി ഓഫീസർ | കൃഷി ഓഫീസർ ദേവികുളം | കളിയിക്കൽ വീട് നേര്യമംഗലം പി ഒ 686693 |
| ശ്രീ ടി യു | വിരമിച്ച | തെക്കേടത്ത് വീട് |

| | | |
|---|---|---|
| ഏലിയാസ് അസി.എഞ്ചിനീയർ | | പടമുഖം പി ഒ ഇടുക്കി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-9 2-10, 3-1 | 10 |
| 2006-2007 | എൽ എഫ് ഐ -9/515/08/ 11.8.08 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 | 10 |
| 2007-08 | എൽ എഫ് ഐ -9/199/10/03.03.12 | 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-11 മുതൽ 3-20 വരെ | 27 |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 2-1, 2-2, 2-3, 3-1 മുതൽ 3-10 വരെ | 13 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-14 വരെ | 19 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 2-3 മുതൽ 2-6 വരെ 3-1 മുതൽ 3-11 വരെ | 15 |
| 2011-12 & 2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 2-1, 2-2, 2-4, 2-5, 2-6, 3-1 മുതൽ 3-13 വരെ 3-14(2) | 19 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/ 28.3.16 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-11 വരെ | 15 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/ 1493/2016 തി.30.12.2016 | 2-1, 2-2 3-1 മുതൽ 3-7 വരെ | 9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/984/17/ തീ.19.07.17 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-6 വരെ | 10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-14/1407/18/ തീ.31.1.19 | 2-1 മുതൽ 2-6 വരെ 3-1,3-6 | 8 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-13/939/20 തീ.27.11.20 | 1-1 മുതൽ 1-31 വരെ 2-1 | 32 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്